പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 889 10.06.2019 ൽ മറുപടിയ്ക്ക്

വനസംരക്ഷണത്തിനായി പദ്ധതികൾ

| | ചോദ്യം<br>ശ്രീ.എൻ. ഷംസുദ്ദീൻ | | മറുപടി<br>അഡ്വ.കെ.രാജു<br>(ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വനവിസ്തൃതി കുറഞ്ഞു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് വനവിസ്തൃതിയിൽ കുറവ് വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | വനസംരക്ഷണത്തിനായി ആസൂത്രണം ചെയ്തിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ? | (ബി) | വനം സംരക്ഷണത്തിനായി ചെയ്യുന്ന പ്രധാന പ്രവൃത്തികൾ താഴെ പറയുന്നു.<br>1. വനം കയ്യേറ്റങ്ങൾ തടയുന്നതിനായി വനാതിർത്തി സർവ്വേയും ജണ്ട നിർമ്മാണവും നടത്തുക. 2018-19 സാമ്പത്തിക വർഷത്തിൽ ഉദ്ദേശം 700 കിലോമീറ്റർ നീളത്തിലുള്ള വനാതിർത്തികളിൽ 14618 സ്ഥിരം ജണ്ടകൾ നിർമ്മിച്ചിട്ടുണ്ട്.<br>2. പരിസ്ഥിതി പ്രാധാന്യമുള്ള കണ്ടൽക്കാടുകൾ/ പുറമ്പോക്കുകൾ തുടങ്ങിയ സ്ഥലങ്ങളും, റിസർവ്വ് വനമായി പ്രഖ്യാപിക്കാത്ത വനഭൂമികളും റിസർവ്വ് വനമായി പ്രഖ്യാപിച്ച് സംരക്ഷിക്കുന്നതിനുള്ള നടപടികൾ.<br>3. കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ ഡെറാഡൂണിലെ ഫോറസ്റ്റ് സർവ്വെ ഓഫ് ഇന്ത്യയുടെ സാങ്കേതിക റിമോട്ട് സെൻസിംഗ് വിദ്യയുടെ സഹായത്തോടെ ഊർജ്ജിതമായി നടപ്പിലാക്കൽ.<br>4. പുതുതായി ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിക്കൽ 2018-19 സാമ്പത്തിക വർഷത്തിൽ പുതുതായി 10 ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്.<br>5. ബീറ്റ് ഫോറസ്റ്റ് ഓഫീസർ/ സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരുടെ സർവ്വെ ട്രെയിനിംഗ്.<br>6. വനം വകുപ്പുമായി ബന്ധപ്പെട്ട പുരാതനരേഖകൾ സൂക്ഷിക്കുന്നതിനായി നൂതന രീതിയിലുള്ള ഒരു റിക്കോർഡ് റൂം കോഴിക്കോട് മാത്തോട്ടം ഫോറസ്റ്റ് കോംപ്ലക്സിൽ സ്ഥാപിച്ചിട്ടുണ്ട്.<br>7. വനത്തിനുള്ളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ച് വനവിഭവങ്ങളുടെയും, വന്യജീവികളുടെയും സംരക്ഷണം. |

സെക്ഷൻ ഓഫീസർ